"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതിക്കായി കെ.യു.ആർ.ഡി.എഫ്.സി മുഖേന ഹഡ്കോയിൽ നിന്നും സംസ്ഥാന വിഹിതമായി അനുവദിച്ച വായ്പയുടെ 2025-26 സാമ്പത്തിക വർഷത്തെ മൂന്നാം ഗഡു ത്രൈമാസ മുതൽ തിരിച്ചടവിന് വേണ്ടിയുള്ള തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.2791/2025/LSGD തീയതി,തിരുവനന്തപുരം, 10-11-2025

പരാമർശം:-

1. സ.ഉ(കൈ)നം. 47/2020 തസ്വഭവ തീയതി 17/03/2020
2. സ.ഉ(കൈ)നം.140/2023 തസ്വഭവ തീയതി 17/01/2023
3. സ.ഉ(കൈ)നം.1231/2025 തസ്വഭവ തീയതി 20/05/2025
4. സ.ഉ(കൈ)നം.2062/2025തസ്വഭവ തീയതി 19/08/2025
5. കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 22/10/2025 ലെ കെ.യു.ആർ.ഡി.എഫ്.സി/107/2025-എൽഎം1 നമ്പർ കത്ത്
6. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 27/10/2025 ലെ എൽ.എം/1267/ഫിൻ/2022 നമ്പർ കത്ത്

**ഉത്തരവ്**

ലൈഫ് മിഷൻ പദ്ധതിക്കായി ഹഡ്കോയിൽ നിന്നും സംസ്ഥാന വിഹിതമായി പുന:ക്രമീകരിച്ച വായ്പയുടെ മുതൽ തിരിച്ചടവ് ലൈഫ് ശീർഷകത്തിൽ നിന്നും നിർവ്വഹിക്കുന്നതിനായി പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. സംസ്ഥാന വിഹിതമായി പുന:ക്രമീകരിച്ച 550 കോടി രൂപയുടെ വായ്പയിൽ 217.22 കോടി രൂപ പരാമർശം(2) പ്രകാരം അർബൻ സെക്ടറിന്റെ നഗരസഭാ വിഹിതമായി മാറ്റിയിരുന്നു. അവശേഷിക്കുന്ന 332.78 കോടി രൂപയുടെ 2025-26 സാമ്പത്തിക വർഷം മൂന്നാം ഗഡു ത്രൈമാസ തിരിച്ചടവിനായി 4,73,56,667 (നാല്പ കോടി എഴുപത്തിമൂന്നു ലക്ഷത്തി അമ്പത്താറായിരത്തി അറുനൂറ്റി അറുപത്തേഴ് രൂപ മാത്രം) രൂപ ലൈഫ് മിഷൻ ശീർഷകത്തിൽ (4515-00-102-49(P)) നിന്നും കെ.യു.ആർ.ഡി.എഫ്.സിയുടെ അക്കൗണ്ടിലേയ്ക്ക് അടയ്ക്കുന്നതിനായി

കെ.യു.ആർ.ഡി.എഫ്.സിമാനേജിംഗ് ഡയറക്ടർ പരാമർശം(5) പ്രകാരം അഭ്യർത്ഥിക്കുകയും പരാമർശം (6) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ ചെയ്യുകയും ഉണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ പദ്ധതിക്കായി കെ.യു.ആർ.ഡി.എഫ്.സി മുഖേന ഹഡ്കോയിൽ നിന്നും സംസ്ഥാന വിഹിതമായി അനുവദിച്ച വായ്പയുടെ 2025-26 സാമ്പത്തിക വർഷത്തെ മൂന്നാം ഗഡു ത്രൈമാസ മുതൽ തിരിച്ചടവിനായി 4,73,56,667 രൂപ (നാലു കോടി എഴുപത്തിമൂന്നു ലക്ഷത്തി അമ്പത്താറായിരത്തി അറുനൂറ്റി അറുപത്തേഴ് രൂപ മാത്രം), 4515-00-102-49 (Plan) എന്ന ശീർഷകത്തിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി യുടെ SBI അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നമ്പർ 37920881126 (Rural Out), IFS Code SBIN0070033) അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

റീജിയണൽ ചീഫ്, ഹഡ്കോ, സാഫല്യം കോംപ്ലക്സ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ധനകാര്യ( വനിത ശിശു) വികസന വകുപ്പ്(WCD-3/118/2025-FIN) പ്രകാരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 12-11-2025 10:36:44
സെക്ഷൻ ഓഫീസർ